**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1103** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>കോട്ടക്കൽ റസ്റ്റ് ഹൗസ് നവീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കോട്ടക്കൽ റസ്റ്റ് ഹൗസ് ഏറെ പരിമിതികളാലും റൂമുകളുടെ അപര്യാപ്തതയാലും വളരെയധികം സൗകര്യക്കുറവ് പൊതുജനങ്ങൾ അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

<u>മറുപടി:</u> **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.**

**(ബി)** കോട്ടക്കൽ റസ്റ്റ് ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട മാസ്റ്റർപ്ലാൻ പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

<u>മറുപടി:</u> **കോട്ടക്കൽ റസ്റ്റ് ഹൗസിന്റെ പഴയകെട്ടിടം പൊളിച്ച് തൽസ്ഥാനത്ത് മൂന്ന് നിലയിലുള്ള പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്ലാൻ പൊതുമരാമത്ത് ആർക്കിടെക്ട് വിഭാഗം തയ്യാറാക്കി വരുന്നു.**

**(സി)** ദേശീയപാത കടന്നുപോകുന്നതും രാജ്യാന്തര പ്രശസ്തിയാർജ്ജിച്ച കോട്ടക്കൽ ആര്യവൈദ്യശാല ഉൾപ്പെടെ പ്രശസ്തമായ നിരവധി വിദ്യാഭ്യാസ, വ്യവസായ, വാണിജ്യ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നതുമായ കോട്ടക്കലിൽ എത്തുന്നവർക്ക് മികച്ച താമസസൗകര്യം ഇല്ലാതെ പ്രയാസം നേരിടുന്നത് കണക്കിലെടുത്തും വർധിച്ചുവരുന്ന ടൂറിസം സാധ്യതകൾ കൂടി പരിഗണിച്ചും കോട്ടക്കൽ റസ്റ്റ്ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>മറുപടി:</u> **മുൻ ഖണ്ഡികയിലെ ഉത്തരം**

**സെക്ഷൻ ഓഫീസർ**